പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 197 18.03.2013-ൽ മറുപടിയ്ക്ക്

## കളിക്കളങ്ങളുടെ പുനരുദ്ധാരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ.വിജയൻ | ശ്രീ.കെ.ബി.ഗണേഷ്കുമാർ (വനവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) ഗ്രാമീണമേഖലയിൽ കായികവികസനത്തിന് സഹായകരമായ എന്തൊക്കെ പദ്ധതികളാണ് ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ചിട്ടുള്ളത് ; | (എ) & (ബി) അനുബന്ധം 'A' ആയി ചേർത്തിട്ടുണ്ട്. |
| (ബി) കളിക്കളങ്ങളുടെ പുനരുദ്ധാരണത്തിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് ; വിശദാംശം ലഭ്യമാക്കാമോ ? | |

സെക്ഷൻ ഓഫീസർ

അനുബന്ധം A

എ & ബി) ഗ്രാമീണ മേഖലയിൽ കായികവികസനത്തിന് സഹായകരമായ മെയിന്റനൻസ് ഓഫ് പ്ലേ ഫീൽഡ്/വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണം എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു. സ്വന്തമായി സ്ഥലമുള്ള സ്കൂൾ/പഞ്ചായത്ത്/സംഘടനകൾ/കോളേജ് എന്നിവയിൽ നിന്ന് ലഭിക്കുന്ന അപേക്ഷകളുടെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധിച്ച് ആവശ്യമായ തുക ബഡ്ജറ്റ് വിഹിതത്തിൽ നിന്ന് അനുവദിച്ച് അനുയോജ്യമായ കളിസ്ഥലങ്ങൾ നിർമ്മിച്ചു നൽകുന്നു.

I. മെയിന്റനൻസ് ഓഫ് പ്ലേഫീൽഡ്

സംസ്ഥാനത്തുടനീളം ഗുണനിലവാരമുള്ള പരിശീലനവും കളികളും ഉറപ്പുവരുത്തുന്നതിനായി താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നു.

(1) നവീന സ്വിമ്മിംഗ് പൂളുകളുടെ നിർമ്മാണം
(2) സിന്തറ്റിക് റണ്ണിംഗ് ട്രാക്കുകളോടുകൂടിയ ലോങ്ജംപ് പിറ്റുകൾ
(3) 4 വരിയുള്ള സിന്തറ്റിക് ട്രാക്കുകളുടെ നിർമ്മാണം
(4) സിന്തറ്റിക് റണ്ണപ്പോടുകൂടിയ ഹൈജമ്പ് പിറ്റ്
(5) കബഡി കളിക്കളം
(6) ഫുട്ബോൾ ഗ്രൗണ്ട് (സിന്തറ്റിക്)
(7) സിന്തറ്റിക് ടർഫ് നിർമ്മാണം

II. വിവിധോദ്ദേശ്യ കളിസ്ഥല നിർമ്മാണം

(1) വോളീബോൾ
(2) ബാസ്ക്കറ്റ്ബോൾ
(3) ടെന്നീസ്

എന്നീ കായിക ഇനങ്ങൾ പരിശീലിപ്പിക്കുന്നതിന് അത്യാധുനിക സൗകര്യങ്ങളോടെ ഇൻഡോർ സ്റ്റേഡിയ നിർമ്മാണത്തിന് നൂതന പദ്ധതി ഈ സാമ്പത്തിക വർഷം മുതൽ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ഗ്രാമീണ മേഖലയിലെ കായികവികസനം ലക്ഷ്യമിട്ട് കേന്ദ്രയുവജനകായിക മന്ത്രാലയം സംസ്ഥാന സർക്കാരുമായി ചേർന്ന് നടപ്പാക്കുന്ന പഞ്ചായത്ത് യുവക്രീഡ ഓർ ഖേൽ അഭിയാൻ (പൈക്ക) എന്ന പദ്ധതിയുടെ ഭാഗമായി ഗ്രാമ/ബ്ലോക്ക് പഞ്ചായത്തുതലത്തിൽ കളിസ്ഥലങ്ങളുടെ പുനരുദ്ധാരണ വികസനപ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ